**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1623** **11-09-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് വില്ലേജ് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിൽ എത്ര സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | തരൂർ മണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിന് പ്ലാൻ പദ്ധതി പ്രകാരം 3 വില്ലേജ് ഓഫീസുകൾക്കും, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം 5 വില്ലേജ് ഓഫീസുകൾക്കുമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ആയതിൽ പ്ലാൻ പദ്ധതി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള കണ്ണമ്പ്ര-2 വില്ലേജ് ഓഫീസിന്റെയും റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള കണ്ണമ്പ്ര-1, വടക്കഞ്ചേരി-2, തരൂർ-1 എന്നീ വില്ലേജ് ഓഫീസുകളുടെയും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം വില്ലേജ് ഓഫീസ് കെട്ടിടങ്ങളിലാണ് നിലവിൽ സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനുള്ള പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | പ്ലാൻ പദ്ധതി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള കോട്ടായി-1 വില്ലേജ് ഓഫീസിന്റെയും, റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള കാവശ്ശേരി 1, തരൂർ 2 എന്നീ വില്ലേജ് ഓഫീസുകളുടെയും കെട്ടിട നിർമ്മാണം പുരോഗമിച്ചു വരുന്നു. കൂടാതെ 2023-24 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത മണ്ഡലത്തിലെ പുതുക്കോട് വില്ലേജ് ഓഫീസിനും സ്മാർട്ട് വില്ലേജ് കെട്ടിട നിർമ്മാണം നിർവ്വഹിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ